# ശ്രേഷ്ഠഭാഷാപദവി, ഓ, ആ പേരിലെന്തിരിക്കുന്നു?

ജോൺമാത്യു

**ഒരു** പേരിലെന്തിരിക്കുന്നു? അർത്ഥമൊന്നുമില്ല, സ്വതവേ വന്നു ഭവിച്ചതോ തനതായി നേടിയതോ മാത്രമാണ് പ്രസക്തം എന്ന ധ്വനിയോടെയാണ് ഇവിടെ ചോദ്യം. ഈ പ്രസ്താവനയുടെ ചരിത്ര-സാഹിത്യ പശ്ചാത്തലത്തിലേക്കൊന്നും കടക്കുന്നില്ല. പക്ഷേ, പേരിലും കാര്യമുണ്ടെന്നാണ് ഇന്നത്തെ പല നടപടികളും നമ്മെ പഠിപ്പിക്കുന്നത്. പേരുള്ള ഒരു കുടുംബത്തിൽ കാണാൻ കൊള്ളാവുന്നവനായി ജനിച്ചാൽ, പിന്നെ ഒന്ന് നേരെ നിൽക്കാനും കഴിവുണ്ടെങ്കിൽ ആ കുടുംബപ്പേരുവെച്ചുതന്നെ കളിക്കാം. ഈ കളി ഇന്ത്യയിൽ മാത്രമല്ല അമേരിക്ക ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിൽ കണ്ടുവരുന്നതുമാണ്.

ഇതൊരു നർമ്മകഥയാവാം. ഏതോ വിരുതൻ പറഞ്ഞ കഥ. ബസ് കണ്ടക്ടർമാരെല്ലാംകൂടി സമരം ചെയ്തുപോലും തങ്ങളുടെ ഉദ്യോഗപ്പേര് കളക്ടർ എന്ന് മാറ്റണമെന്ന്. കേൾക്കാൻ സുന്ദരക്കുട്ടപ്പനായ പേരല്ലേ 'കളക്ടർ'.

പണ്ടത്തെ പേഷ്ക്കാര് ആഗ്ലേയത്തിൽക്കൂടി കയറിയിറങ്ങിയതാണ് കളക്ടർ. ചുങ്കം പിരിച്ച് ശേഖരിക്കുന്നവനെന്ന് അർത്ഥം. എന്നാൽ കണ്ടക്ടർ ആ ബസിന്റെ മൊത്തം നടത്തിപ്പുകാരനാണ്, ടിക്കറ്റെഴുതി കാശുപിരിക്കുന്നവൻ മാത്രമല്ല. പക്ഷേ, കണ്ടക്ടർക്ക് ഒരു പോരായ്മ, അല്ലേ?

കഥാപാത്രങ്ങൾക്ക് ചേർന്ന പേരിടുന്നത് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് എഴുത്തുകാർക്കെല്ലാമറിയാം. പേരിൽനിന്നുതന്നെ സ്വഭാവത്തെപ്പറ്റിയുള്ള സങ്കൽപ്പം ഉണ്ടാവണം. സുന്ദരിയായ നായികയ്ക്ക് ആരെങ്കിലും താടക എന്ന് പേരിടുമോ. ഒ.വി. വിജയന്റെ എക്സിറ്റൻഷ്യലിസ്റ്റും ബുദ്ധിജീവിയുമായ കഥാനായകന് 'രവി' എന്നല്ലേ പേരുവരാൻ പറ്റൂ. പാശ്ചാത്യഭാഷകളിലെ എഴുത്തുകാരാണെങ്കിൽ ഇൻഷ്യലും ചേർത്ത് മുഴുവൻ പേരുതന്നെ എഴുതിക്കളയും. അപ്പോൾ പേരിലും കുറെയൊക്കെ കാര്യമുണ്ട്, അല്ലേ?

ഇത്രയും നാൾ ഞാൻ കരുതിയിരുന്നത് ക്ലാസിക്ക് എന്ന വാക്കിന്റെ അർത്ഥം അറിയാമെന്നായിരുന്നു. ഇംഗ്ലീഷുഭാഷ അധികമൊന്നും പഠിച്ചിട്ടില്ല. അതിന്റെ സാഹിത്യത്തിൽ ബിരുദവുമില്ല. വടക്കേയിന്ത്യയിൽച്ചെന്ന് 'പാനിചാഹിയേ' പറഞ്ഞ് ജീവിച്ചതുപോലെ അമേരിക്കയിൽ മൂന്നുമൂന്നരപ്പതിറ്റാണ്ട് ഇംഗ്ലീഷും ഏതൊണ്ടൊക്കെ പറഞ്ഞൊപ്പിച്ചു. ഈയ്യിടെ ആരോ പറഞ്ഞതുപോലെ: കാറു വാങ്ങാൻ ചെല്ലുന്നിടത്തെന്തിനാ ഇംഗ്ലീഷുച്ചാരണം. വാങ്ങിക്കഴിഞ്ഞാലത്തെ കഥ വേറെ. പരാതിയുമായിച്ചെല്ലുമ്പോൾ 'കിംഗ്സ് ഇംഗ്ലീഷു' പറഞ്ഞില്ലെങ്കിൽ മെക്കാനിക്കിന് മനസിലാവുകയില്ലപോലും.

കുറേക്കാലം മുൻപ് ഞാനൊരു ലേഖനം എഴുതിയിരുന്നു; മലയാളം എങ്ങനെയാണ് ക്ലാസിക്ക് ഭാഷയാകുന്നതെന്ന് ചോദിച്ചു. ഇപ്പോൾ പത്രങ്ങൾ ക്ലാസിക്ക് എന്ന പേരു 'ശ്രേഷ്ഠ ഭാഷാ പദവി' എന്നാക്കി മാറ്റി. വാക്കുകൾ ശ്രദ്ധിക്കുക. 'ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചു'. തമിഴിനോ സംസ്കൃതത്തിനോ ലത്തീനോ ഈ "ശ്രേഷ്ഠ" ലഭിച്ചുവെന്ന് ആരെങ്കിലും പറയുമോ? ഉന്നതനായ ഒരാളെ സൂചിപ്പിക്കാൻ 'സുപ്രസിദ്ധ' ഉപയോഗിക്കാറില്ല. ഈ 'സുപ്രസിദ്ധ' 'ശ്രേഷ്ഠ' എന്നൊക്കെപ്പറയുമ്പോൾ യഥാർത്ഥത്തിൽ അങ്ങനെ ആളൊരു 'സുപ്ര'യൊന്നുമല്ലെന്നും, എങ്ങനെയോ, ഏതോ സാഹചര്യത്തിൽ ഇത് കെട്ടിത്തലേലേറ്റിക്കൊടുത്തുവെന്നും കരുതിയാൽ മതി.

പക്ഷേ, ഈ 'ശ്രേഷ്ഠ' പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത് അത്ര ആഢ്യത്വമൊന്നുമില്ലാത്ത ഭാഷകളും ഉണ്ടെന്നല്ലേ. അൽപം കുസൃതിയായി ചിന്തിച്ചാൽ വരേണ്യഭാഷകളെല്ലാം അകത്തിരുന്ന് സദ്യയുണ്ണുമ്പോൾ നമ്മുടെ മലയാളം ഇത്രയുംകാലം കുപ്പയിൽനിന്ന് എച്ചിലു പെറുക്കുകയായിരുന്നു എന്നല്ലേ വിവക്ഷ..... ഇപ്പോൾ ഒന്ന് കുളിപ്പിച്ച് ഒപ്പമിരുത്തിയെന്നുമാത്രം. കൊങ്കിണി, ഡോഗ്രി, സന്താളി, തുളു തുടങ്ങി അനേകം ഭാഷകൾ ഇന്നും ആ നാലുകെട്ടിന്റെ മുറ്റത്തിനും പുറത്ത് നിൽക്കുന്നു. നമ്മൾ കേന്ദ്രത്തിൽപ്പോയി അപേക്ഷിച്ച്, പ്രാർത്ഥിച്ച്, എങ്ങനെയോ ഒരു പദവി നേടിയെടുത്തു. കൺഗ്രാ!

അപ്പൂപ്പന്മാർ സമ്പാദിച്ചതോ ദാനം കിട്ടിയതോ മാത്രമാണോ ശ്രേഷ്ഠതകൾക്ക് ആധാരം. ലോകത്തെമ്പാടുമുള്ള ഇളയ ഭാഷകളിൽ രണ്ടെണ്ണമാണ് ഇംഗ്ലീഷും മലയാളവും. ഭാഷകൾ ഉരുത്തിരിഞ്ഞ് വരു

ന്നതിന്റെ രീതികൾക്ക് ഇതു രണ്ടും മാതൃകയുമാണുതാനും. രണ്ടിന്റെയും വയസ് ആണ്ടുകണക്കിൽ ഇവിടെ എഴുതുന്നില്ല, പകരം പഴയ ഗദ്യരൂപങ്ങൾ പരിശോധിക്കാൻ ഒരു ശുപാർശ മാത്രമേ നിർദ്ദേശിക്കുന്നുള്ളൂ. കോളനികൾ വെട്ടിപ്പിടിച്ചതുകൊണ്ടുമാത്രമല്ല ഇംഗ്ലീഷ് വളർന്നത്, പകരം വേണ്ടുവോളം കടംകൊള്ളുകയും ചെയ്തു. അതവിടെ നിൽക്കട്ടെ, നമുക്ക് മലയാളത്തിലേക്ക് വരാം.

സഹ്യന് പടിഞ്ഞാറുള്ള പ്രദേശത്തെ മൊഴി സ്വതന്ത്രമാക്കിയതും വളർത്തിയതും അവിടെയുണ്ടായിരുന്ന ജനങ്ങൾത്തന്നെയായിരുന്നു. നമ്മുടെ ചരിത്രവും ജീവിതരീതിയുംകൊണ്ട് നമ്മുടെ ഭാഷയും വളർന്നു. ലോകത്തിലേക്ക് ഇറങ്ങിചെന്ന് അന്യരുമായി ഇടപെടാൻ നാം കാണിച്ച് ധൈര്യമാണ് നമ്മുടെ ഭാഷയെ വളർത്തിയ മറ്റൊരു ഘടകം. മലയാളം ഉടനെയൊന്നും മരിക്കാൻ പോകുന്നില്ല, കട്ടിലൊഴിഞ്ഞുകിട്ടാൻ ആരും കാത്തിരിക്കയും വേണ്ട. കാലത്തിനൊത്ത മാറ്റങ്ങളോടെ അത് നിലനിൽക്കും. അമേരിക്കയിലെതന്നെ മലയാളം പ്രസിദ്ധീകരണങ്ങളെയും എഴുത്തുകളെയും അത്ര ചെറുതായിട്ടും കാണരുത്.

ഈ 'ശ്രേഷ്ഠ' ഓർമ്മിപ്പിക്കുന്നത് പഴയൊരു സംഭവ കഥയാണ്. നാണപ്പൻ എന്ന എം.പി. നാരായണപിള്ളക്ക് സാഹിത്യ അക്കാദമി അവാർഡ് കിട്ടിയപ്പോഴത്തെ കഥ. അദ്ദേഹം അക്കാദമിക്ക് എഴുതിയത്രേ, അതിങ്ങനെ: അവാർഡുതുക ട്രഷറിയിൽ അടച്ച് രസീത് അയച്ചുതരിക. പിന്നെ ഫലകം, അത് അവിടെ വരുമ്പോൾ കൈപ്പറ്റിക്കൊള്ളാം.

ഇവിടെ കഥ വേറെ. ശിങ്കിടികൾക്കും കങ്കാണിമാർക്കും പത്തുപുത്തൻ ഒപ്പിക്കുന്ന ഏർപ്പാടാണീ 'ശ്രേഷ്ഠ'. പരാതിയില്ല. എല്ലാവർക്കും നന്മ വരട്ടെ. ഫലകങ്ങൾ വാങ്ങിത്തിളങ്ങട്ടെ.

നമ്മൾ നേടിയതിന്റെ അവകാശം മറ്റാരും എടുത്തിങ്ങോട്ട് തരേണ്ടതില്ല. തമിഴുതന്നെയായിരുന്ന, തമിഴിന്റെ വകഭേദമായിരുന്ന മൊഴി കടഞ്ഞെടുത്ത് സ്വന്തമാക്കിയതിന്റെ അംഗീകാരത്തിന് ആരുടെയും തുല്യംച്ചാർത്തും വേണ്ടല്ലോ. മലയാളം എന്ന ഭാഷയെ വളർത്തിയതിൽ, നിലനിർത്തുന്നതിൽ ഓരോ മലയാളിയും അഭിമാനിക്കുക. എവിടെ മലയാളി കൂടുന്നുവോ അവിടെയെല്ലാം എഴുത്തും വായനയും അഭിനയവും ഗാനമേളയുമുണ്ട്. അതും ഭാഷയുടെ വളർച്ചയിലെ പടവുകൾത്തന്നെ.

—o—